
**Athmaraksha.org**

തകർച്ചയുടെ വഴികൾ

## മദ്യവും മയക്കുമരുന്നും പുകവലിയും സ്വന്തം ശരീരത്തെ നശിപ്പിക്കുന്നു.




അഭിലാഷങ്ങൾക്ക് അടിപ്പെടരുത്; അവ നിന്നെ കാളക്കുറ്റനെപ്പോലെ കുത്തിക്കീറും (പ്രഭാഷകൻ 6:2). മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാനാകയില്ല; ചെറിയ കാര്യങ്ങൾ അവഗണിക്കുന്നവൻ അൽപാൽപമായി നശിക്കും (പ്രഭാ 19:1). വീഞ്ഞും സ്ത്രീയും ബുദ്ധിമാൻമാരെ വഴി തെറ്റിക്കുന്നു; വേശ്യകളുമായി ഇടപഴകുന്നവനു വീണ്ടുവിചാരം നഷ്ടപ്പെടുന്നു. (പ്രഭാ 19:2). വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ടാ; വീഞ്ഞ് അനേകരെ നശിപ്പിച്ചിട്ടുണ്ട് (പ്രഭാ 31:25).

സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ (ലൂക്കാ 21:34).

വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാരനുമാണ്; അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (സുഭാഷിതങ്ങൾ 20:1). എന്തെന്നാൽ മദ്യപനും ഭോജനപ്രിയനും ദാരിദ്ര്യത്തിലകപ്പെടും; മത്തുപിടിച്ചു മയങ്ങുന്നവന് കീറത്തുണിയുടുക്കേണ്ടിവരും (സുഭാ 23:21). അവസാനം അതു പാമ്പിനെപ്പോലെകടിക്കുകയും അണലിയെപ്പോലെ കൊത്തുകയും ചെയ്യും (സുഭാ 23:32).

നിങ്ങളോടു ഞാൻ പറയുന്നു, ആത്മാവിന്റെ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത് (ഗലാത്തിയാ 5:16). ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു (ഗലാത്തിയാ 5:19-21).

അതിനാൽ, നിങ്ങളുടെപാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ (അപ്പ.പ്രവർത്തനങ്ങൾ 3:19). നിങ്ങളും നിങ്ങളുടെ സന്തതികളും ഒരിക്കലും

വീഞ്ഞു കുടിക്കരുത് (ജറെമിയാ 35:6).

യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്തിയാ 5:24).

തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട് ദൈവം മനസ്സുമാറ്റി; അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞ തിൻമ അയച്ചില്ല (യോനാ 3:10).